കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാട്ടൂൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് -2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/2169/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ lfaddistofficeknr@gmail.com
വെബ് www.lfa.kerala.gov.in
ഫോൺ 0497-2707698
തീയതി : 05.01.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖേന),
മാട്ടൂൽ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം:- മാട്ടൂൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

PVP

നം.കെ.എസ്.എ/കെ.എൻ.ആർ.സി.2/2169/2016

തീയതി : 05.01.2017.

# കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആമുഖം

മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളും വാർഷിക ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.08.16 മുതൽ 30.11.16 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനില്ക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. 25 ഓഡിറ്റ് എൻക്വയറികൾ നല്കിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിശദീകരണം/വിവരങ്ങൾ, കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോർമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ. |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.12.2016 മുതൽ 16.12.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീമതി.സിന്ധു ടി.പി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശശിധരൻ എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ഷീല കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ലതീഷ് കുമാർ കെ.കെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഖൈറുന്നീസ സി.എച്ച്. | 01.04.15 മുതൽ 31.10.15 വരെ |
| | ശ്രീ.കെ.വി.മുഹമ്മദ് അലി | 19.11.15 മുതൽ 31.03.16 വരെ |
| | ഭരണനിർവ്വഹണസമിതി<br>1.സെക്രട്ടറി<br>ശ്രീ.പി.വി.ബാലകൃഷ്ണൻ<br>2.കൃഷി ഓഫീസർ<br>ശ്രീമതി.ഷിജി മാത്യു<br>3. ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>ശ്രീമതി.ഉഷ എം. വി. | 01.11.15 മുതൽ 11.11.15 വരെ<br>(12.11.2015-ന് ഭരണ സമിതി നിലവിൽ വന്നു. പ്രസിഡന്റ് തെരഞ്ഞെടുക്കപ്പെട്ടത് 19.11.2015-നാണ്). |
| സെക്രട്ടറി | ശ്രീ.പി.വി.ബാലകൃഷ്ണൻ | 01.04.15 മുതൽ 31.03.16 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.പുഷ്പജൻ സി.കെ. | 01.04.15 മുതൽ 31.01.16 വരെ<br>അതിനു ശേഷം പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയത് സെക്രട്ടറിയാണ് |
| കൃഷി ഓഫീസർ | ശ്രീമതി. ഷിജി മാത്യു | 01.04.15 മുതൽ 31.03.16 വരെ |
| വി ഇ ഒ | ശ്രീ.അബ്ദുൾ ഹക്കീം ടി. | 01.04.15 മുതൽ 30.09.15 വരെ |
| | ശ്രീ.രായപ്പൻസ്റ്റാൻലി | 01.10.15 മുതൽ 03.03.16 വരെ |
| | ശ്രീ. മുസ്തഫ എം. | 04.03.16 മുതൽ 31.03.16 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പ്രകാശൻ സി.പി. | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അനിൽ കുമാർ | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഇന്ദു ബി.കെ. | 01.04.15 മുതൽ 23.04.15 വരെ &<br>23.10.15 മുതൽ 31.03.16 വരെ |
| | ഡോ. ലക്ഷ്മി ബി. | 24.04.15 മുതൽ 22.10.15 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. സുബിമോൾ | 01.04.15 മുതൽ 18.01.16 വരെ |

| | | |
|---|---|---|
| (ഹോമിയോ) | ഡോ.ജയദീപ് വി.പി. | 19.01.16 മുതൽ 31.03.16 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി. ഉഷ എം.വി. | 01.04.15 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മുഹമ്മദ് അഷ്റഫ് | 01.04.15 മുതൽ 31.07.15 വരെ |
| | ശ്രീ. ഷിബു കരുൺ | 01.08.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ. സരിഗ | 01.04.15 മുതൽ 31.03.16 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 – പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | ധനകാര്യ വിശകലനം | |
| 3 | 1-3 | ഫണ്ട് വിനിയോഗം | |
| 4 | 1-4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | |

| | | | |
|---|---|---|---|
| 5 | 1-5 | തനത് വരുമാനം | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | ക്ഷേമ പദ്ധതികൾ | |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ | |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ | |
| 10 | 1-10 | ഗ്രാമസഭ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ് | |
| | ഭാഗം 2 - വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | സാംഖ്യാ രശീതികളുടെ സ്റ്റോക്ക്, വിതരണം എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല | |
| 12 | 2-2 | വസ്തുനികുതി നിർണ്ണയ രേഖകൾ പൂർണ്ണമല്ല | |
| 13 | 2-3 | ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല | |
| 14 | 2-4 | ലേലം, വാടക - ബൈലോ തയ്യാറാക്കിയിട്ടില്ല, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | |

| | | | |
|---|---|---|---|
| 15 | 2-5 | വളർത്തു നായകൾക്കുള്ള ലൈസൻസ് - സംബന്ധിച്ച് | |
| 16 | 2-6 | പരസ്യ നികുതി ഈടാക്കുന്നില്ല | |
| 17 | 2-7 | ഗതാഗതവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | |
| 18 | 2-8 | ഇ ടെണ്ടർ- ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല | |
| | ഭാഗം 3 - ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | 3-1 | ശമ്പള കുടിശ്ശിക കണക്കാക്കിയതിലെ അപാകങ്ങൾ - 12942/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | |
| 20 | 3-2 | ക്രമീകരിക്കാത്ത മുൻകൂറുകൾ - നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. | |
| 21 | 3-3 | ഓഫീസ് വാഹനം സ്വകാര്യ വർക്ക് ഷോപ്പിൽ അറ്റകുറ്റപ്പണി നടത്തുന്നതും മൈലേജ് ടെസ്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതും | |
| 22 | 3-4 | എസ് എസ് എ യ്ക്കുള്ള പഞ്ചായത്ത് വിഹിതം അടക്കൽ - വിനിയോഗ സാക്ഷ്യപത്രം, വിശദവിവരങ്ങൾ ഹാജരാക്കിയില്ല- 600000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | |

| | | | |
|---|---|---|---|
| | | | |
| 23 | 3-5 | ക്ഷേമപെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം | |
| 24 | 3-6 | അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച് | |
| 25 | 3-7 | സ്കൂളുകൾക്ക് വായന കോർണറിൽ പത്രം, മാസിക വിതരണം - രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തുക 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | |
| 26 | 3-8 | ഗവ: സ്കൂൾ കെട്ടിടങ്ങൾക്ക് വാടക നൽകൽ - രേഖകൾ ഹാജരാക്കിയില്ല - തുക 4,00,000/- തടസ്സപ്പെടുത്തുന്നു | |
| 27 | 3-9 | പത്താം ക്ലാസിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ - 1,05,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. | |
| 28 | 3-10 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം നൽകിയ തുക 1250/- രൂപ നിരാകരിക്കുന്നു. | |
| 29 | 3-11 | 2011-12, 2012-13 വർഷങ്ങളിൽ പഞ്ചായത്തിൽ | |

| | | | |
|---|---|---|---|
| | | ജനകീയാസൂത്രണം വഴി നടപ്പിലാക്കിയ പദ്ധതികൾ - പണി പൂർത്തീകരിക്കാത്തത് - സംബന്ധിച്ച് | |
| 30 | 3-12 | രേഖകൾ ഹാജരാക്കിയില്ല 1,13,429/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | |
| 31 | 3-13 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | |
| 32 | 3-14 | പന്ത്രണ്ടാം വാർഡിൽ അംഗൻവാടി നിർമ്മാണം - കാലതാമസത്തിന് പിഴ ഈടാക്കിയില്ല - നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ് | |
| 33 | 3-15 | ഫില്ലിംഗിന് ഗ്രാനുലാർ സബ് ബേസ് ഉപയോഗപ്പെടുത്തിയത് ക്രമപ്രകാരമല്ല | |
| 34 | 3-16 | ഗുണഭോക്തൃസമിതികൾ വഴിയുള്ള പ്രവൃത്തികൾ - മൂല്യവർധിത നികുതി ഒടുക്കിയതിൽ കുറവു വന്നത് – സംസ്ഥാന സർക്കാരിന് 46,479/- രൂപയുടെ നഷ്ടം | |
| 35 | 3-17 | പദ്ധതിച്ചെലവുകൾക്ക് തനതു ഫണ്ട് വകയിരുത്തിയത് – റവന്യൂ മിച്ചം കണക്കാക്കാത്തതും മറ്റ് അപാകങ്ങളും | |
| | <u>ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u> | | |
| 36 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |

| | | | |
|---|---|---|---|
| 37 | 4-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ ഫണ്ട് വിനിയോഗം | |
| 38 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം | |
| 39 | 4-4 | വായ്പ/വായ്പ തിരിച്ചടവ് | |
| 40 | 4-5 | സ്ഥിര നിക്ഷേപങ്ങൾ | |
| 41 | 4-6 | ഓഡിറ്റ് റിക്കവറി | |
| 42 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദവിവരം | |
| 43 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 44 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | |
| | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16-ലെ ബജറ്റ് 28.03.15-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 1,57,20,996 | 1,72,71,571 | ബജറ്റ് ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഹെഡ്ഡുകളിലെ തുക ഉൾപ്പെടുത്തിയും റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഇവ ഉൾപ്പെടുത്താതെയും തയ്യാറാക്കുന്നതിനാൽ താരതമ്യം സാധ്യമായിട്ടില്ല |
| വരവ് | 7,35,31,010 | 2,88,41,775 | |
| ആകെ | 8,92,52,006 | 4,61,13,346 | |
| ചെലവ് | 7,84,08,000 | 3,93,76,671 | |
| നീക്കിയിരിപ്പ് | 1,08,44,006 | 67,36,675 | |

## 1-2 ധനകാര്യ വിശകലനം

2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക 30.07.16-ന് ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുൻ ബാക്കി | 1,72,71,571 |
| വരവ് | 2,88,41,775 |
| ആകെ | 4,61,13,346 |
| ചെലവ് | 3,93,76,671 |
| നീക്കി ബാക്കി | 67,36,675 |

കുറിപ്പ്:- നേരിട്ട് ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് മാറ്റപ്പെട്ട ക്ഷേമ പെൻഷൻ തുകകളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തൊഴിലാളികളുടെ അക്കൌണ്ടുകളിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യപ്പെട്ട തുകകളും വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ട്രാൻസ്ഫർ ക്രെഡിറ്റ് | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 26,09,096 | വാർഷിക ധനകാര്യ പത്രികയിൽ (RP-31) 22,73,115/- രൂപയാണ് വരവ് ചേർത്തത്. എസ്.എഫ്.സി.പത്രികയിൽ വരവ് + ട്രാൻസ്ഫർ ക്രെഡിറ്റ് 69,86,454/- രൂപയാണ്. ട്രാൻസ്ഫർ ക്രെഡിറ്റ് കഴിച്ചുള്ള തുകയാണ് വരവായി കാണിച്ചത്. അപാകം 1-4-ൽ ചേർത്തിട്ടുണ്ട്<br>16,88,237<br>52,98,217<br>(ട്രാൻസ്ഫർ ക്രെഡിറ്റ്) | 95,95,550 | | 95,95,550 | 0 |
| വികസന ഫണ്ട് (എസ് സി പി) | 12,21,376 | 14,31,432 | 26,52,808 | 10,21,376 | 16,31,432 | 0 |
| വികസന ഫണ്ട് (ടിഎസ് പി) | 0 | 7,000 | 7,000 | -- | 7,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 3,660 | 18,02,994 | 18,06,654 | -- | 18,06,654 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2,89,976 | 24,05,914 | 26,95,890 | -- | 26,95,890 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 7,89,244 | 41,45,363 | 49,34,607 | 10,41,989 | 38,92,618 | 0 |
| ലോക ബാങ്ക് ധനസഹായം | 33,04,852 | 14,80,867 | 47,85,719 | 32,34,852 | 15,50,867 | 0 |
| കേന്ദ്ര വിഹിതം | 1,503 | 19,33,965 | 19,35,468 | | 19,34,372 | 1,096 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 7,62,766 | 3,75,000 | 11,37,766 | -- | 5,17,010 | 6,20,756 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 4,00,000 | 19,800 | 4,19,800 | -- | 19,800 | 4,00,000 |
| ബി ഫണ്ട് | -- | 2,80,56,490 | 2,80,56,490 | -- | 2,80,56,490 | -- |

## 1-4 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. ആസ്തികളുടെ മൂല്യ നിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ ബി 11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് അക്കൗണ്ടിംഗ് നിയമപ്രകാരമല്ല തയ്യാറാക്കിയത് (A+B+C മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല).

3. സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള ചെലവുകളിൽ നിന്നും ഈടാക്കുന്ന മൂല്യവർധിത നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ആദായ നികുതി തുടങ്ങിയവയുടെ വരവു ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ബാങ്ക് ട്രഷറി നീക്കിയിരിപ്പുകളുടെ വർഷാന്ത്യ reconciliation statements പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സാംഖ്യയിൽ പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല.

5. ജി.ഒ.(പി)419/15 ഫിൻ തീയതി 19.9.2015 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട കൃത്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6. വസ്തു നികുതി, കുടിശ്ശിക വസ്തു നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7. ബിൽ നം.125/16 Dt.1.3.16 പിൻവലിച്ച് ചെലവഴിച്ച 30,000/- രൂപയും, ബിൽ നം.6/15-16 തീയതി 29.2.2016 പ്രകാരം പിൻവലിച്ച 47,000/- രൂപയും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. സംയോജിത പ്രൊജക്ട് മുഖേന നടപ്പിലാക്കിയ ചെലവുകൾ സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. മാടായി കോ-ഓപ് ബാങ്കിന്റെ അക്കൗണ്ട് നം. 0501110000910 ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 5,951.45/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിരിക്കുന്ന (ആർപി 40b) നീക്കിയിരിപ്പ് 1,191.45/- രൂപയാണ്.

10. വികസന ഫണ്ട് ജനറൽ തൻവർഷം വരവ് RP 31 പ്രകാരം 22,73,115/-രൂപയാണ്. ആയത് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എ സി ആറു മായി പൊരുത്തപ്പെടുന്നില്ല.

## 1-5 തനത് വരുമാനം

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് താഴെ പറയും പ്രകാരം 5.6% വർധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 26,38,017 | 30,26,323 | 3,88,306 | 14.7 |
| നികുതിയേതര വരവുകൾ | 8,85,593 | 6,23,450 | -2,62,143 | -29.6 |
| മറ്റു വരവുകൾ | 76,125 | 1,53,110 | 76,985 | 101 |
| ആകെ | 35,99,735 | 38,02,883 | 2,03,148 | 5.6 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | ഭാഗികമായി നടപ്പാക്കിയത് | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 152 | 110 | 42 | 24 | 86 | 56.58 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 23,85,365 | 16,84,500 | 70.6 |
| വെറ്ററിനറി സർജൻ | 8 | 8 | 16,85,000 | 9,26,478 | 54.98 |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 2 | 2 | 6,30,000 | 6,26,372 | 99.4 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 50,000 | 50,000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 6,00,000 | 6,00,000 | 100 |
| വി ഇ ഒ | 19 | 8 | 51,98,268 | 14,18,000 | 27.28 |
| ഐസിഡിഎസ് സൂപ്പർവൈസർ | 2 | 2 | 23,67,500 | 20,98,753 | 88.6 |
| സെക്രട്ടറി | 36 | 20 | 60,08,311 | 37,42,215 | 62.28 |
| അസിസ്റ്റന്റ് | 5 | 5 | 25,90,000 | 9,94,000 | 38.38 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | | | | | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 62 | 48 | 17910895 | 13248006 | 74 |
| ഹെഡ് മാസ്റ്റർ | 10 | 9 | 2372876 | 1889488 | 79.6 |
| ആകെ | 152 | 110 | 41798218 | 27277812 | 65.26 |

പദ്ധതി അടങ്കലിന്റെ 65% മാത്രമാണ് ഓഡിറ്റ് വർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. ഭവന നിർമ്മാണ പദ്ധതികളും മരാമത്ത് പ്രവൃത്തികളും നടപ്പിലാക്കുന്നതിൽ ഫലപ്രാപ്തി കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 77,880 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 11,68,440 | 127 |
| വിധവാ പെൻഷൻ | 1,09,45,040 | 998 |
| വാർദ്ധക്യകാല പെൻഷൻ | 1,19,70,140 | 1359 |
| വികലാംഗ പെൻഷൻ | 34,53,640 | 281 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2,01,360 | 18 |
| വിവാഹ ധനസഹായം | 2,40,000 | 8 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.12.2016 തീയതി രാവിലെ 11.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 44,364/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 11.11.16 | 8/16 മുതൽ 10/16 വരെ | ലഭിച്ചിട്ടില്ല |
| 2 | അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 1997-98 മുതൽ 2006-07 വരെ | LBA(HQ)III/8A-1138/83 തീയതി 07.07.07 |

## 1-10 ഗ്രാമസഭ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 03-08-2004-ലെ 22675/L3/99 നം. സർക്കുലർ പ്രകാരം ഗ്രാമസഭ കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കൽ നിർബന്ധമായും ചേരേണ്ടതാണ്. പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നീ കാര്യങ്ങൾക്ക് വേണ്ടി മാത്രം ചേരുന്ന ഗ്രാമസഭാ യോഗങ്ങളെ ഗ്രാമ സഭകളുടെ പ്രത്യേക യോഗങ്ങളായി കാണേണ്ടതും അവ മേൽ പറഞ്ഞ നിയമാധിഷ്ഠിതമായ നിശ്ചിത എണ്ണം യോഗങ്ങളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതുമാണ്.

എന്നാൽ മാട്ടൂൽ പഞ്ചായത്തിൽ 2015-2016 കാലയളവിൽ ഒറ്റത്തവണ മാത്രമേ ഗ്രാമസഭ യോഗം ചേർന്നിട്ടുള്ളൂ. അതു തന്നെ തൊഴിലുറപ്പ് ആക്ഷൻ പ്ലാൻ സംബന്ധിച്ചാണ് ചേർന്നിട്ടുള്ളത്. പഞ്ചായത്തിലെ 17 വാർഡുകളിലെയും ഗ്രാമസഭ മിനിട്ട്സ് പരിശോധിച്ചതിൽ 09-02-2015, 29-12-2015, 02-06-2016 എന്നീ തീയതികളിലായാണ് യോഗം ചേർന്നിട്ടുള്ളത്. ഇതു യഥാക്രമം, 2015-16 പദ്ധതി രൂപീകരണം, തൊഴിലുറപ്പ് ആക്ഷൻ പ്ലാൻ, 2016-17 വാർഷിക പദ്ധതി രൂപീകരണം എന്നിവയുമായി ബന്ധപ്പെട്ടാണ് ചേർന്നിട്ടുള്ളത്. ഇത് മേൽ സർക്കുലറിന് വിരുദ്ധമാണ്. സർക്കുലറിലെ നിബന്ധനകൾ പാലിച്ച കൊണ്ട് കൃത്യമായ ഇടവേളകളിൽ ഗ്രാമസഭാ യോഗങ്ങൾ സംഘടിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓരോ വർഷവും ഒക്ടോബർ മാസത്തോടെ അടുത്ത വർഷത്തെ ഗ്രാമസഭാ തീയതികൾ തീരുമാനിച്ച് പ്രസിദ്ധപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യാ രശീതികളുടെ സ്റ്റോക്ക്, വിതരണം എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന സാംഖ്യാ റസീറ്റുകളുടെ വിതരണം, അവയുടെ മിച്ചം എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഉദാ: 06.12.2014-ന് ലഭിച്ച 12000 റസീറ്റുകൾ, 22.01.2016-ന് ലഭിച്ച 3000 റസീറ്റുകൾ, 06.10.2016-ന് ലഭിച്ച 9000 റസീറ്റുകൾ എന്നിവ. സാഖ്യാ റസീറ്റുകൾ ലഭിക്കുന്ന മുറക്ക് അവയുടെ മുൻ നീക്കിയിരിപ്പ്, ലഭിച്ചവയുടെ എണ്ണം, വിതരണം, മിച്ചം എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണ്ണയ രേഖകൾ പൂർണ്ണമല്ല

ഗ്രാമ പഞ്ചായത്തിന്റെ 13.09.2011-ലെ IX/11 നമ്പർ തീരുമാന പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിച്ചു. 2015-16 സാമ്പത്തിക വർഷം വസ്തുനികുതി നിർണ്ണയിച്ച രേഖകൾ പരിശോധിച്ചതിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്താതെയാണ് വസ്തുനികുതി നിർണ്ണയിച്ചത്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരമുള്ള വസ്തുനികുതി റിട്ടേണുകളിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്താതെയാണ് വസ്തുനികുതി നിർണ്ണയിച്ചത്. ഉദാ: XIII-244A,XVI 125A,X-14A നമ്പർ കെട്ടിടങ്ങൾ. ഇതു കാരണം വസ്തുനികുതി കൃത്യമായി തന്നെയാണോ നിർണ്ണയിച്ചത് എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ ചട്ടം 13 പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി നിർണ്ണയം സുതാര്യമായ രീതിയിൽ നടത്തുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്ററിൽ (അപ്പന്റിക്സ് I) വിവരങ്ങൾ മുഴുവനായും രേഖപ്പെടുത്തുന്നില്ല. ഫയൽ കൈമാറുന്ന തീയ്യതി, തിരിച്ച് തരുന്ന തീയ്യതി, വസ്തുനികുതി നിർണ്ണയ നമ്പർ, നിർമ്മാണം പൂർത്തീകരിച്ച തീയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ലേലം, വാടക - ബൈലോ തയ്യാറാക്കിയിട്ടില്ല, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

22-7-2011-ലെ 30270/FM3/07/എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം ലേല നടപടികൾ സുതാര്യമായ രീതിയിൽ നടത്തേണ്ടതുണ്ട്. സർക്കുലറിലെ നിർദ്ദേശമനുസരിച്ച് മുൻ വർഷം ലേലം ഇനത്തിൽ ലഭിച്ച വരവ് സംബന്ധിച്ച് ഗ്രാമസഭയിൽ അറിയിക്കേണ്ടതും, ലേലം ഉറപ്പിച്ചു കിട്ടിയ വ്യക്തി, ലേലത്തുക എന്നീ വിവരങ്ങൾ ലേലം ചെയ്തു നല്കിയ സൈറ്റിൽ പ്രദർശിപ്പിക്കുകയും വേണം. കൂടാതെ ലേല പരസ്യങ്ങൾ തദ്ദേശ ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് പ്രസ്തുത സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. സർക്കുലറിൽ പ്രതിപാദിച്ചതു പ്രകാരം പഞ്ചായത്തിൽ ലേലപരസ്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വാടക സംബന്ധിച്ച് നാളിതു വരെ ബൈലോ തയ്യാറാക്കിയിട്ടില്ല ജി.ഒ.(എം.എസ്)105/97/ ത.സ്വ.ഭ.വ. വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്തുകൾ പാസ്സാക്കുന്ന ബൈലോ അംഗീകരിക്കുന്നതിന് സർക്കാർ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 24-07-04 ലെ സി-5/17031/04 കത്ത് പ്രകാരം മാതൃകാ ബൈലോയുടെ പകർപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർമാർക്ക് അയച്ചു നല്കിയിട്ടുണ്ട്. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ കടവുകൾ നിലവിൽ കടത്ത് നടത്തുന്നയാൾക്ക് ദിവസ വേതനം നല്കിയാണ് പ്രവർത്തിപ്പിച്ചു വരുന്നത്. മുൻകാലങ്ങളിൽ ഗ്രാമപഞ്ചായത്തിന് വലിയ വരുമാനം നല്കിയിരുന്ന കടത്ത് ലേലം ആരും പങ്കെടുക്കാത്തതിനാൽ ഒഴിവാക്കിയിരിക്കയാണ്. കടത്തുകാരൻ ബോട്ട് സുരക്ഷ സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും കടത്തു നടത്തുന്നവരുമായി കരാർ ചമക്കേണ്ടതുമാണ്.

## 2-5 വളർത്തു നായകൾക്കുള്ള ലൈസൻസ് - സംബന്ധിച്ച്

1998-ലെ കേരള പഞ്ചായത്ത് രാജ് പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരം പട്ടികളേയോ പന്നികളേയോ വളർത്തുന്നതിന് അനുമതിക്കായി 10/- രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നല്കേണ്ടതാണ്. ചട്ടം 4(2) പ്രകാരം പട്ടിയോ പന്നിയോ കൈയ്യിൽ വന്നു ചേർന്ന് ഒരു മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം പേവിഷ ബാധയ്ക്കെതിരായ കുത്തിവെപ്പ് എടുത്തിട്ടുണ്ടെന്ന വെറ്ററിനറി സർജ്ജന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം (ചട്ടം 4(3)). ലൈസൻസ് എടുത്തതിന് തെളിവായി ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന ടോക്കൺ മൃഗത്തിന്റെ ശരീരത്തിൽ ഉണ്ടായിരിക്കേണ്ടതും ആയതിനെ അലഞ്ഞു തിരിയാൻ അനുവദിക്കാൻ പാടില്ലാത്തതുമാണ്.

ലൈസൻസ് കാലാവധി അതത് സാമ്പത്തിക വർഷാവസാനം അവസാനിക്കുന്നതും കാലാവധി അവസാനിക്കുന്നതിനു മുമ്പ് പുതുക്കേണ്ടതുമാണ്.

വളർത്തു നായകൾക്ക് പേവിഷബാധയ്ക്കെതിരെ കുത്തിവെപ്പ് എടുക്കുന്നതിനായി നടത്തിയ വകുപ്പുതല ക്യാമ്പിന്റെ ഭാഗമായി മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ 21 നായകൾക്ക് കുത്തിവെപ്പ് എടുത്തിട്ടുള്ളതായി വെറ്ററിനറി സർജൻ ഹാജരാക്കിയ രേഖകളിൽ നിന്ന് വ്യക്തമാകുന്നു. ഓഡിറ്റ് വർഷ ഡോഗ്സ് & പിഗ്സ് ലൈസൻസ് ഫീസായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ യാതൊരു തുകയും വരവു വന്നിട്ടില്ല. ലൈസൻസില്ലാതെയും ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായും നായകളെ വളർത്തുന്നതിനുള്ള പിഴയായി മേൽ പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം 250/- രൂപ വരെ പിഴ ശിക്ഷ ചുമത്താവുന്നതാണ്. വെറ്ററിനറി സർജ്ജനിൽ നിന്നും ഉടമസ്ഥരുടെ വിവരങ്ങൾ

ശേഖരിച്ച് ചട്ടപ്രകാരമുള്ള പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 പരസ്യ നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 209 വകുപ്പിൽ നിർദ്ദേശിച്ച പ്രകാരമുള്ള പരസ്യനികുതി ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതു വരെയായി ഈടാക്കിയിട്ടില്ല. പ്രസ്തുത വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും സർക്കാർ വക സ്ഥലത്തോ സ്വകാര്യ സ്ഥലത്തോ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നുണ്ടെങ്കിൽ പരസ്യത്തിന്റെ ഉടമ സർക്കാരിന്റെ അംഗീകാരത്തോടു കൂടി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ പരസ്യ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി പരസ്യങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നുണ്ടെങ്കിലും പരസ്യ നികുതി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങാൻ താമസിക്കുന്നതിനാൽ നാളിതുവരെയും ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് യാതൊരു വരുമാനവും ലഭ്യമായിട്ടില്ല. പരസ്യനികുതി ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ സെക്രട്ടറിയുടെ അനുമതിയില്ലാതെ നിലവിൽ പരസ്യങ്ങൾ പ്രദർശിപ്പിച്ചവരിൽ നിന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 257(1), 6-ാം പട്ടിക പ്രകാരം 500/- രൂപ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-7 ഗതാഗതവുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലെ (GO(MS)225/12/തസ്വഭവ തീയതി 18.08.2012) അനുബന്ധം-1-ൽ ഗതാഗതവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളിൽ (15(1), (2)) റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കാനും ഓരോ പ്രോജക്ടിനുമൊപ്പം റോഡ് കണക്ടിവിറ്റി മാപ്പിൽ ബന്ധപ്പെട്ട റോഡ് പ്രത്യേക നിറത്തിൽ രേഖപ്പെടുത്താനും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ റോഡുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന മൈൽ സ്റ്റോണുകൾ സ്ഥാപിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16/01/10-ലെ GO(MS)165/2010 നമ്പർ ഉത്തരവു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിലുള്ള റോഡുകളെ തിരിച്ചറിയുന്നതിന് പേര് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുന്ന തിനും കിലോമീറ്റർ ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയത് പാലിക്കാത്തതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.

## 2-8 ഇ ടെണ്ടർ - ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല

2014-15 സാമ്പത്തിക വർഷം മുതൽ അഞ്ചു ലക്ഷത്തിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് നടപ്പാക്കുന്നത്. ടെണ്ടർ ഫോറം വില, ഇഎംഡി തുടങ്ങിയവ ഓൺലൈനായി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ സൌകര്യം ഇല്ലാത്തതിനാൽ സർക്കാർ നിർദ്ദേശാനുസരണം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടുവഴിയാണ് ഇടപാടുകൾ നടത്തി വരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന ടെണ്ടർ ഫോറം വില നാളിതു വരെ ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. 2014-15-ൽ ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ നടന്നിട്ടില്ല. 2015-16-ലെ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മൂല്യവർധിത നികുതി ഒടുക്ക

വരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശമ്പള കുടിശിക കണക്കാക്കിയതിലെ അപാകങ്ങൾ - 12942/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

വൌച്ചർ നമ്പർ 21500768/14.01.16 31984/- രൂപ (അടിസ്ഥാന ശമ്പളം 58343/- ക്ഷാമബത്ത (-)26409).

ശ്രീ.അബ്ദുൾ മുസ്തഫ, ജൂനിയർ സൂപ്രണ്ടിന് 01.03.2008 മുതൽ 23.02.2010 വരെയുള്ള ശമ്പളക്കുടിശിക മേൽപ്പറഞ്ഞ വൌച്ചർ പ്രകാരം പിൻവലിച്ച് നല്കിയിട്ടുണ്ട്.

1) 01.01.08 പ്രാബല്യത്തിലുള്ള 38% (GO(P)220/08/Fin. Dated 22.05.2008), 01.07.2008 പ്രാബല്യത്തിലുള്ള 45% (GO(P)38/09/Fin. Dated 17.01.2009), 01.01.09 പ്രാബല്യത്തിലുള്ള 55% (GO(P)211/09/Fin. Dated 02.06.2009), 01.07.09 പ്രാബല്യത്തിലുള്ള 64% (GO(P)552/09/Fin. Dated 18.11.2009) ഡി എ നിരക്കുകൾക്ക് ആനുപാതികമായ കുടിശിക ഡി എ ടിയാന്റെ പി എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് പരിഗണിക്കാതെയാണ് കുടിശിക ശമ്പളം നല്കിയിട്ടുള്ളത്. ഇപ്രകാരം അധികം നല്കിയ തുക തിരിച്ചു പിടിച്ച് വിവരം അറിയിക്കേണ്ടതാണ്.

03/08, 04/08 മാസങ്ങളിലെ കുടിശികയിൽ 827/- രൂപ വീതവും അതിനു ശേഷമുള്ളതിൽ 11288/- രൂപയും അരിയർ ഡിഎ ഇനത്തിൽ KPEPF-ൽ ക്രെഡിറ്റ് ചെയ്തത് (ഒരുമിച്ചാണ് ക്രെഡിറ്റ് ചെയ്തത്) ഉൾപ്പെടുത്താതെ ഡ്രോൺ സാലറി കണക്കിലെടുത്തതിനാൽ 12942/- രൂപ (1654+11288) അധികം നല്കിയിട്ടുണ്ട്. 12942/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

01.01.2010 പ്രാബല്യത്തിലുള്ള 78% ഡിഎ കുടിശിക നല്കിയിട്ടുണ്ടോ എന്നും ശമ്പള പരിഷ്കരണ കുടിശിക നല്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല.

(2) പെൻഷൻ അംശദാനം ഒടുക്കാത്തത്

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% ആണ് ഓരോ മാസവും പെൻഷൻ അംശദാനമായി ഒടുക്കു വരുത്തുന്നത്. ശമ്പള പരിഷ്കരണം കാരണമോ മറ്റേതെങ്കിലും കാരണത്താലോ അടിസ്ഥാന ശമ്പളത്തിൽ വ്യത്യാസം വരുന്ന പക്ഷം അടിസ്ഥാന ശമ്പളത്തിലുണ്ടായ വർധനവിന് ആനുപാതികമായ തുകയും പെൻഷൻ അംശദാനമായി ഒടുക്കേണ്ടതുണ്ട്. എന്നാൽ ശ്രീ. അബ്ദുൾ മുസ്തഫ, ജൂനിയർ സൂപ്രണ്ടിന് 01.03.2008 മുതൽ 23.02.2010 വരെയുള്ള ശമ്പളക്കുടിശ്ശിക നല്കിയപ്പോൾ ടിയാന്റെ അടിസ്ഥാന ശമ്പളത്തിലുണ്ടായ വർധനവിന്റെ 15% പെൻഷൻ അംശദാനമായി പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല.

16.07.09 മുതൽ 21.01.2010 വരെയുള്ള സസ്പെൻഷൻ കാലം മറ്റെല്ലാ ആനുകൂല്യങ്ങൾക്കും പരിഗണിക്കപ്പെടുമെന്നതിനാൽ പ്രസ്തുത കാലയളവിലെ പെൻഷൻ അംശദാനവും ഒടുക്കേണ്ടതാണ്.

കുറവു വന്ന തുക ബന്ധപ്പെട്ട കണക്കിനത്തിൽ ഒടുക്കി രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 3-2 ക്രമീകരിക്കാത്ത മുൻകൂറുകൾ - നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 88 പ്രകാരം യാത്രാബത്താ മുൻകൂറുകൾ യാത്ര ചെയ്തതിന്റെ തൊട്ടടുത്ത മാസം അവസാനിക്കുന്നതിനു മുമ്പ് ക്രമീകരിക്കേണ്ടതാണ്. മൂന്നു മാസത്തിനുള്ളിൽ ഫൈനൽ ബിൽ സമർപ്പിക്കാത്ത വ്യക്തികളിൽ നിന്ന് മുഴുവൻ തുകയും അനുവദിച്ച തീയതി മുതൽ ഒടുക്കു വരുത്തുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം വിവിധ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കും യാത്രാബത്താ മുൻകൂറായി അനുവദിച്ച താഴെ പറയും പ്രകാരമുള്ള തുക നാളിതു വരെ ക്രമീകരിച്ചിട്ടില്ല.

| വൌച്ചർ നമ്പർ, തീയതി, തുക | കൈപ്പറ്റിയ വ്യക്തി | ഉദ്ദേശ്യം |
|---|---|---|
| 21500950/22.02.16<br>1000/- രൂപ | ശ്രീ.സന്തോഷ് തൊപ്പിയൻ,<br>അക്കൌണ്ടന്റ് | കിലയിൽ ട്രെയിനിംഗ് |
| 21500353/07.08.15<br>1000/- രൂപ | ശ്രീ.കെ.വി. മുഹമ്മദലി,<br>വൈസ് പ്രസിഡണ്ട് | ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ ബോഡി യോഗം, തിരുവനന്തപുരം |
| 21500484/03.10.15<br>1000/- രൂപ | ,, | തിരുവനന്തപുരം യാത്ര |
| 21500507/14.10.15<br>1000/- രൂപ | ശ്രീ.സി.പി.പവിത്രൻ,<br>സീനിയർ ക്ലർക്ക് | ബഡ്സ് സ്കൂൾ ഗ്രാന്റ് വാങ്ങാൻ തിരുവനന്തപുരം യാത്ര |
| 21500731/12-15<br>1000/- രൂപ | ശ്രീ. കെ.വി.മുഹമ്മദലി<br>പ്രസിഡണ്ട് | തിരുവനന്തപുരം യാത്ര |
| 21500627/5.02.16<br>1000/- രൂപ | ,, | ,, |

| | | |
|---|---|---|
| 21500880/09.12.15<br>1000/- രൂപ | ” | ” |
| 5130057/4.05.13<br>1000/- രൂപ | ശ്രീ.എസ്.മൊയ്തു, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | ” |

മുൻകൂർ ക്രമീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല.

താഴെപ്പറയുന്ന ജീവനക്കാർ മുൻകൂറായി കൈപ്പറ്റിയ തുക ക്രമീകരിക്കുന്നത് നിർദ്ദിഷ്ട സമയപരിധി കഴിഞ്ഞാണ്. അവരിൽ നിന്ന് 18% നിരക്കിൽ പലിശ ഈടാക്കാത്തത് അപാകമാണ്.

| ക്രമ നമ്പർ | പേര് | വൌച്ചർ നമ്പർ | കൈപ്പറ്റിയ തുക | ക്രമീകരിച്ച തീയതി/വൌച്ചർ നമ്പർ |
|---|---|---|---|---|
| 1 | ശ്രീ.കെ.വി.മുഹമ്മദലി,<br>പ്രസിഡണ്ട് | 21500937/23.06.15 | 1000 | 11603101096/<br>12.07.16 |
| 2 | ശ്രീ.സന്തോഷ് തൊപ്പിയൻ,<br>അക്കൌണ്ടന്റ് | 21500187/23.06.15 | 1000 | 11603100655<br>23.05.16 |
| 3 | ശ്രീ. സി.പി.പവിത്രൻ,<br>സീനിയർ ക്ലർക്ക് | 21500507/14.10.15 | 1000 | 11603100654/<br>23.05.16 |
| 4 | ശ്രീ.സന്തോഷ് തൊപ്പിയൻ,<br>അക്കൌണ്ടന്റ് | 21500589/19.11.15 | 1000 | 11603100655/<br>23.05.16 |
| 5 | ശ്രീ.പി. ടി. ജോൺ,<br>ഹെഡ് ക്ലർക്ക് | 21500591/23.11.15 | 15780 | 11603400004/<br>18.05.16 6312 |

| | | | | |
|---|---|---|---|---|
| | | | | 11603500004/<br>22.07.16 6312<br>11603500005/<br>19.08.16 3156 |

മുൻകൂറുകൾ സമയപരിധിക്കകം ക്രമീകരിക്കാത്തവരിൽ നിന്നും പിഴപ്പലിശ ഈടാക്കി തനതു ഫണ്ടിൽ വരവു വെക്കേണ്ടതാണ്.

## 3-3 ഓഫീസ് വാഹനം സ്വകാര്യ വർക്ക്ഷോപ്പിൽ അറ്റകുറ്റപ്പണി നടത്തുന്നതും മൈലേജ് ടെസ്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതും

ജി.ഒ.(എംഎസ്)170/07/തസ്വഭവ തീയതി 30.06.07 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അറ്റകുറ്റപ്പണികളുടെ പ്രതീക്ഷിത ചെലവ് 2000/- രൂപയിൽ അധികരിക്കുകയും 10000/- രൂപയിൽ കുറവുമാണെങ്കിൽ സർക്കാരിന്റെ അംഗീകാരമുള്ള വർക്ക്ഷോപ്പിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കാതെയും അല്ലെങ്കിൽ മറ്റ് വർക്ക്ഷോപ്പുകളിൽ നിന്ന് ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടും റിപ്പയർ ചെയ്യാവുന്നതാണ്.

പഞ്ചായത്തിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ മേൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് നടത്തിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽനം/വൌച്ചർ നം/ തീയതി/തുക | വാഹനം | അറ്റകുറ്റപ്പണി നടത്തിയ സ്ഥാപനം |
|---|---|---|---|
| 1 | 47/18.04.15<br>9800/- രൂപ | KL13Q<br>3525 | എസ്.എം. ഓട്ടോ വർക്ക്സ്, പഴയങ്ങാടി |
| 2 | 21500533/27.10.15<br>6680/- രൂപ | ,, | പ്രകാശ് ഓട്ടോ ഇലക്ട്രിക്കൽസ്, താവം, പഴയങ്ങാടി |
| 3 | 21500653/5.12.15<br>4870/- രൂപ | KL13V<br>6133 | ഷൈൻ ഇൻഡസ്ട്രീസ് എടാട്ട്, പയ്യന്നൂർ |

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മുകളിൽ പരാമർശിച്ച ഉത്തരവു പ്രകാരം ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമതാ പരിശോധന ആറു മാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തിച്ച് സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് വാഹനങ്ങളുടേയും ലോഗ് ബുക്കിൽ പ്രസ്തുത സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല.

കൃത്യമായ ഇടവേളകളിൽ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തേണ്ടതും പ്രതിമാസ, വാർഷിക ഇന്ധന ഉപയോഗം സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/2015-16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 എസ് എസ് എ യ്ക്കുള്ള പഞ്ചായത്ത് വിഹിതം അടക്കൽ - വിനിയോഗ സാക്ഷ്യപത്രം, വിശദവിവരങ്ങൾ ഹാജരാക്കിയില്ല- 600000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നമ്പർ - 12/16

അടങ്കൽ - 6,00,000/- രൂപ (വികസന ഫണ്ട്)

ചെലവ് - 6,00,000/- രൂപ (വൌച്ചർ നം. 21500401/30.08.15)

എസ്എസ്എ യുടെ 2015-16 വർഷത്തേക്കുള്ള പഞ്ചായത്ത് എഡ്യൂക്കേഷൻ പ്ലാനിൽ 29,60,388/- രൂപ തദ്ദേശ സ്ഥാപനത്തിനു വേണ്ടി വിവിധ ഇനങ്ങൾക്കായി ആവശ്യമുള്ളതായി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 35% (10,36,136/- രൂപ) എന്ന നിലയിൽ മുൻബാക്കി 1,25,059/- രൂപ അടക്കം 11,61,195/- രൂപ ഒടുക്കാനുള്ളതായി രേഖപ്പെടുത്തുകയും ഗ്രാമപഞ്ചായത്ത് വകയിരുത്തിയ തുകയായ 6,00,000/- രൂപ എസ് എസ് എ യിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട് .

ഗ്രാമപഞ്ചായത്ത് തലത്തിൽ ഏതൊക്കെ ആവശ്യങ്ങൾക്കായി എത്ര തുക വീതം ചെലവഴിക്കപ്പെട്ടു എന്ന് വിലയിരുത്തപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
30.08.15-ന് കൈമാറിയ തുക ഏതു വർഷത്തേക്ക് യൂനിഫോമുകളും പുസ്തകങ്ങളും വിതരണം ചെയ്യുന്നതിനാണ് ഉപയോഗപ്പെടുത്തിയത് എന്ന് വ്യക്തമല്ല. സ്കൂളുകളിൽ ടെക്സ്റ്റ് ബുക്കുകളും യൂണിഫോമും വിതരണം നടത്തിയതു സംബന്ധിച്ച ഹെഡ് മാസ്റ്റർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല.

എസ്എസ്എ യിൽ നിന്നും 2015-16 വർഷം വിവിധ ഇനങ്ങൾക്കായി നടത്തിയ ചെലവുകൾ സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി നം.10/15-16 തീയ്യതി:09.12.16-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 6,00,000/- രൂപയുടെ ചെലവ് തടപ്പെടുത്തുന്നു.

## 3-5 ക്ഷേമപെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം

വിവിധയിനം ക്ഷേമ പെൻഷനുകൾക്കായി പഞ്ചായത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ ദീർഘമായ കാലതാമസം വരുത്തുന്നതായി കാണുന്നു. ക്ഷേമപെൻഷനുകൾ സംബന്ധിച്ച രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ കൈകാര്യം ചെയ്യുന്നില്ല. രജിസ്റ്ററിൽ അപേക്ഷ സംബന്ധിച്ച് തീരുമാനമെടുത്ത നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1) വികലാംഗ പെൻഷൻ

2015-16-ൽ ആകെ 14 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജി.ഒ.(പി)10/98/SWD/31-03-98 പ്രകാരം അപേക്ഷ ലഭിച്ച് 60 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്.

| ക്രമ നം. | അപേക്ഷകന്റെ പേര് | അപേക്ഷ തീയ്യതി | തീരുമാനമെടുത്ത തീയ്യതി |
|---|---|---|---|
| 1 | ആക്കത്തുള്ള വി.പി, പുള്ളുവന്റെ വളപ്പിൽ | 20-04-15 | 24-07-2015 |
| 2 | തെക്കെതൈവളപ്പിൽ ഖദീജ | 20-6-15 | ഓഡിറ്റ് തീയതി വരെ തീരുമാനമെടുത്തിട്ടില്ല |
| 3 | മുഹമ്മദ് അനസ് എൻ.കെ., അൽമദീന ഹൗസ് | 3-7-15 | ഓഡിറ്റ് തീയതി വരെ തീരുമാനമെടുത്തിട്ടില്ല |
| 4 | ഫിദ കെ.പി., കുഞ്ഞിപ്പുരയിൽ | 21-8-15 | ഓഡിറ്റ് തീയതി വരെ തീരുമാനമെടുത്തിട്ടില്ല |

2) വിധവാ പെൻഷൻ

2015-16-ൽ ആകെ 88 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഒരു മാസത്തിനകം തീരുമാനമെടുക്കേണ്ടതാണ്.

| ക്രമ നം | അപേക്ഷകന്റെ പേര് | അപേക്ഷ തീയ്യതി | തീരുമാനമെടുത്ത തീയ്യതി |
|---|---|---|---|
| 1 | എലിസബത്ത് ഡെയ്സി ബി.എൽ., കക്കാടൻചാൽ | 22-06-2015 | 27-01-2016 |
| 2 | താഹിറ പി.പി, സഹല മൻസിൽ | 24-06-2015 | 27-01-2016 |
| 3 | ഇ.കെ.റഹ്മത്ത്, ഇരിക്കൂർ വളപ്പിൽ | 10-09-2015 | 24-05-2016 |
| 4 | പ്രസീന എം.വി., മുള്ളൂൽ ഹൗസ് | 03-10-2015 | 24-05-2016 |
| 5 | സുഹറ കെ.കെ., കണ്ടുകണ്ടത്തിൽ | 10-03-2016 | 10-06-2016 |

3) കർഷക തൊഴിലാളി പെൻഷൻ:

2015-16-ൽ ആകെ 3 അപേക്ഷകൾ ലഭിച്ചു. ഇതിൽ ഒന്ന് നിരസിച്ചു. 1998-ലെ കർഷക തൊഴിലാളി ചട്ടങ്ങളിലെ ചട്ടം 7(b) പ്രകാരം അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്.

| ക്രമ നം. | അപേക്ഷകന്റെ പേര് | അപേക്ഷ തീയ്യതി | തീരുമാനമെടുത്ത തീയ്യതി |
|---|---|---|---|
| 1 | കുനിമ്മൽദേവകി, കാവിലെപറമ്പ് | 24-2-2016 | 24-6-16-ന് അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷ കൈപ്പറ്റി. ഓഡിറ്റ് തീയതി വരെ തീരുമാനമെടുത്തിട്ടില്ല. |
| 2 | ഐസമ്മ കല്ലേൻ, കല്ലേൻഹൗസ് | 22-3-2016 | 24-6-16-ന് അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷ കൈപ്പറ്റി. ഓഡിറ്റ് തീയതി വരെ തീരുമാനമെടുത്തിട്ടില്ല. |

4) <u>വാർദ്ധക്യകാല പെൻഷൻ:</u>

2015-16-ൽ ആകെ 364 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷ ലഭിച്ച് 60 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്.

| ക്രമ നം. | അപേക്ഷകന്റെ പേര് | അപേക്ഷ തീയ്യതി | തീരുമാനമെടുത്ത തീയ്യതി |
|---|---|---|---|
| 1 | ജോസ് സി.എം, ചക്കാലൻ ഹൗസ് | 09-04-2015 | 28-12-2015 |
| 2 | ഇടമ്മൽ അബ്ദുള്ള, പള്ളിവളപ്പിൽ ഹൗസ് | 16-07-2015 | 28-12-2015 |
| 3 | മുഹമ്മദലി കെ.വി. | 11-05-2015 | 24-05-2016 |
| 4 | മൊയ്തീൻ കെ. | 11-05-2015 | 24-05-2016 |

ക്ഷേമപെൻഷൻ അപേക്ഷകളിന്മേൽ യഥാസമയം തീരുമാനമെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതും, രജിസ്റ്ററുകൾ കുറ്റമറ്റതും കാര്യക്ഷമവുമായി സൂക്ഷിക്കേണ്ടതുമാണ്.

## 3-6 അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച്

മാട്ടൂൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 25 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് വിവരം ചുവടെ കൊടുക്കുന്നു.

സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ : 15 എണ്ണം

വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ : 8 എണ്ണം

മറ്റു വിധത്തിൽ പ്രവർത്തിക്കുന്നവ

(പൊതു കെട്ടിടത്തിൽ) : 2 എണ്ണം

സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലാത്തത് : 12 എണ്ണം

വൈദ്യുതീകരിക്കാത്തത് : 9 എണ്ണം

എല്ലാ അങ്കണവാടികൾക്കും ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കിക്കൊടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബി-4 പത്രിക പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽപ്പെടുത്തിയതിനാൽ (ഐസിഡിഎസ്) 1.86 ലക്ഷം രൂപ നീക്കിബാക്കിയുള്ളതിന്റെ കൂടി പശ്ചാത്തലത്തിൽ ആയത് പരിശോധിക്കേണ്ടതാണ്.

## 3-7 സ്കൂളുകൾക്ക് വായനകോർണറിൽ പത്രം,മാസിക വിതരണം - രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവ് തുക 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ
പ്രൊജക്ട് നം : S0091/16

പ്രൊജക്ടിന്റെ പേര് : സ്കൂളുകൾക്ക് വായനകോർണറിൽ പത്രം, മാസിക വിതരണം

അടങ്കൽ : 1,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ബിൽ നം. : 9/15-16/28-3-2016, 1,00,000/-

നിർവഹണം : ഹെഡ് മാസ്റ്റർ, ഗവ.യുപി സ്കൂൾ

പഞ്ചായത്തിലെ 10 പ്രൈമറി സ്കൂളുകൾക്ക് 10 മാസം മലയാള മനോരമ, ചന്ദ്രിക, ദേശാഭിമാനി എന്നീ പത്രങ്ങളും യുറീക്ക മാസികയും വിതരണം ചെയ്യുന്നതിനു വേണ്ടി തയ്യാറാക്കിയ മേൽ പദ്ധതി പ്രകാരം 1,00,000/- രൂപ പിൻവലിച്ച് തുക താഴെ പട്ടികയിൽ കാണിക്കുന്ന പ്രകാരം വിവിധ പത്ര ഏജൻസികൾക്ക് നൽകിയിട്ടുണ്ട്.

| പത്ര ഏജൻസി | കൈപ്പറ്റിയ തുക/തീയതി | ഡിഡി നം. & തീയതി |
|---|---|---|

| | | |
|---|---|---|
| മലയാളമനോരമ | 22,300/-<br>23-03-2016 | ഡിഡിയുടെ പകർപ്പ്/ഡിഡി നം. & തീയതി ഹാജരാക്കിയില്ല |
| ചന്ദ്രിക | 43,200/-<br>09-04-2016 | ഡിഡിയുടെ പകർപ്പ്/ഡിഡി നം.& തീയതി ഹാജരാക്കിയില്ല |
| ദേശാഭിമാനി | 19,200/-<br>5-4-2016 | 002286<br>05-03-2016<br>പകർപ്പ് ഹാജരാക്കിയില്ല |
| മാധ്യമം | 15,300/-<br>15-4-2016 | 002288/6-4-2016<br>പകർപ്പ് ഹാജരാക്കിയിട്ടില്ല |
| ആകെ | 1,00,000/- | |

പ്രൊജക്ട് സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) പ്രൊജക്ട് പ്രകാരം മാധ്യമം പത്രം വിതരണം ചെയ്യണം എന്ന് തീരുമാനം ഉണ്ടായിരുന്നില്ല. എന്നാൽ മേൽ പട്ടിക പ്രകാരം പ്രസ്തുത പത്രവിതരണത്തിന് 15,300/- രൂപ നൽകിയതിന്റെ രശീതി ഹാജരാക്കിയിട്ടുണ്ട്.

2) നാലു പത്ര ഏജൻസികളും സ്കൂളുകൾക്ക് പത്രം/മാസിക നൽകിയതിന്റെ പ്രതിമാസ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) 10 സ്കൂളുകളിലും മേൽ പറഞ്ഞിരിക്കുന്ന പത്രവും യൂറീക്കയും 10 മാസവും ലഭ്യമായിട്ടുണ്ട് എന്നതിന് സ്കൂൾ മേധാവികളുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4) പ്രൊജക്ട് വിഭാവനം ചെയ്ത പ്രകാരം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് വിലയിരുത്തുന്ന മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 13-12-2016-ന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13), രേഖകൾ പിന്നീട് ഹാജരാക്കുന്നതാണെന്നാണ് മറുപടി നല്കിയത്. രേഖകൾ ഹാജരാക്കാത്തിനാൽ ചെലവ് തുക 1,00,000/- തടസ്സത്തിൽ വെക്കുന്നു.

## **3-8** <u>ഗവ:സ്കൂൾ കെട്ടിടങ്ങൾക്ക് വാടക നൽകൽ - രേഖകൾ ഹാജരാക്കിയില്ല - തുക **4,00,000/-**തടസ്സപ്പെടുത്തുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ
പ്രൊജക്ട് നം. : S0093/16

പ്രൊജക്ടിന്റെ പേര് : ഗവ:സ്കൂൾ കെട്ടിടങ്ങൾക്ക് വാടക നൽകൽ

അടങ്കൽ : 4,00,000/- മെയിന്റനൻസ് - റോഡിതരം

ബിൽ നം. : 3/15-16/21-3-2016, 4,00,000/-

സ്കൂൾ പ്രവർത്തനം തടസ്സമില്ലാതെ നടത്തിക്കൊണ്ടുപോകുന്നതിന്, പഞ്ചായത്തിലെ മൂന്ന സ്കൂളുകൾക്ക് വാടക നൽകുന്നതിന്ന വേണ്ടി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം 4,00,000/- രൂപ പിൻവലിച്ച് മൂന്ന കെട്ടിട ഉടമകൾക്ക് വാടക നൽകിയിട്ടുണ്ട്. പിഡബ്ല്യൂഡി ബിൽഡിംഗ് ഡിവിഷനിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, ജി.എം.എൽ.പി.സ്കൂൾ, മാട്ടൂലിന് പിഡബ്ല്യൂഡി വാടക നിരക്ക് നിശ്ചയിച്ചതിന്റെ ഉത്തരവ്, ഡിഡിയുടെ പകർപ്പ്, വാടക രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 13-12-2016-ന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/15-16) നല്കിയ മറുപടി തൃപ്തികരമല്ല. രേഖകൾ ഹാജരാക്കേണ്ടതാണ്. ചെലവ് തുക 4,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-9 പത്താം ക്ലാസിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ - 1,05,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ
പ്രൊജക്ട് നം : S0096/16

അടങ്കൽ : 1,05,000/- (വികസനഫണ്ട്)

ബിൽ നം. : 4/15-16/22-3-2016, 63,450/-

ഡിഡിനം/തീയതി : 004911/08-04-2016, 63,450/-

പത്താം ക്ലാസിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള മേൽ പ്രൊജക്ട് പ്രകാരം ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ലഭ്യമായ ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പി.കെ.കെ. എന്റർപ്രൈസസ്, രാമന്തളി എന്ന സ്ഥാപനത്തിൽ നിന്നും 4,100/- രൂപ നിരക്കിൽ 10 Netro 26 size Hero സൈക്കിളും, 4,490/- രൂപ നിരക്കിൽ 5 Gold 26 Size Lady Hero സൈക്കിളും വാങ്ങി 15 കുട്ടികൾക്ക് നൽകിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

സ.ഉ.(എം.എസ്)നം.362/2013/ത.സ്വ.ഭ.വ. തീയതി 16-11-2013 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുമ്പോൾ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സൈക്കിൾ നൽകേണ്ടതെന്നും, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർക്ക് നൽകാൻ പാടില്ല എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നിർവഹണോദ്യോഗസ്ഥൻ ഈ മാനദണ്ഡങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല.

താഴെ പറയുന്ന കുട്ടികൾക്ക് ആവശ്യമായ രേഖകൾ ഹാജരാക്കാതെയാണ് സൈക്കിൾ

നൽകിയിട്ടുള്ളത്. മാത്രമല്ല സൈക്കിൾ കൈപ്പറ്റിയ ഒരു കുട്ടിയും പട്ടികജാതി വകുപ്പിൽ നിന്ന് ഈ ആനുകൂല്യം ലഭ്യമായിട്ടില്ല എന്നുള്ളതിന് വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| സൈക്കിൾ കൈപ്പറ്റിയ വിദ്യാർത്ഥിയുടെ പേര് | ഹാജരാക്കാത്ത രേഖകൾ |
|---|---|
| സജ്ന | സ്കൂൾ മേധാവിയുടെ സർട്ടിഫിക്കറ്റ്, വരുമാന, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| അരുണിമ | വരുമാന,കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| അനുശ്രീ | സ്കൂൾ മേധാവിയുടെ സർട്ടിഫിക്കറ്റ്, വരുമാന, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| ജിഷ്ണു | സ്കൂൾ മേധാവിയുടെ സർട്ടിഫിക്കറ്റ് |
| സൂരജ് | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| സിബിൻലാൽ | വരുമാന, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| അഭിരാം | വരുമാന, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| മൃദുൽ | സ്കൂൾ മേധാവിയുടെ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് |

ഇപ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കിയതിന് വിശദീകരണം നൽകാനും, മേൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനും ആവശ്യപ്പെട്ടതിന് നൽകിയ മറുപടി തൃപ്തികരമല്ല. രേഖകൾ ഹാജരാക്കേണ്ടതാണ്. ചെലവ് തുക 1,05,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-10 വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം നൽകിയ തുക 1250/-രൂപ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം : S0098/16

പ്രൊജക്ടിന്റെ പേര് : വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ : 2,50,000/- (വികസനഫണ്ട്)

75,000/- (ബ്ലോക്ക് പഞ്ചായത്ത്)

75,000/- (ജില്ലാ പഞ്ചായത്ത്)

ബിൽ നം. : 6/15-16/28-3-2016, 2,50,000/-

ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനു വേണ്ടി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്ന് 2,50,000/- രൂപ പിൻവലിച്ചിട്ടുണ്ട്. ഇതോടൊപ്പം ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭ്യമായ 1,50,000/- രൂപയും കൂടിച്ചേർത്ത് മൊത്തം 4,00,000/- രൂപ സ്കോളർഷിപ്പിനത്തിൽ കുട്ടികൾക്ക് നൽകിയിട്ടുണ്ട്. സ്കോളർഷിപ്പ് വിതരണത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

ഡിഡി കൈപ്പറ്റിയ കുട്ടികളിൽ അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന അഹൽ ഇ എന്ന കുട്ടിക്ക് 2015-16 വർഷം 6000/- രൂപയും, ഡിഗ്രിക്ക് പഠിക്കുന്ന മുഹമ്മദ് അൽതാഫ് എന്ന കുട്ടിക്ക് 8250/-രൂപയും നൽകിയിട്ടുണ്ട്. യഥാക്രമം 5000/-രൂപയും 8000/- രൂപയും അർഹതയുള്ള ഇവർക്ക് ഇപ്രകാരം അധികം തുക നൽകിയതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടതിന് നോട്ടപ്പിശക് മൂലം സംഭവിച്ചതാണെന്നും, അധികം നൽകിയ തുക 1250/- രൂപ പഞ്ചായത്തിൽ തിരിച്ചടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക 1250/- രൂപ തിരിച്ചടവാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-11 2011-12, 2012-13 വർഷങ്ങളിൽ പഞ്ചായത്തിൽ ജനകീയാസൂത്രണം വഴി നടപ്പിലാക്കിയ പദ്ധതികൾ - പണി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

മാട്ടൂൽ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം വഴി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിന് അടുത്ത ഗഡുവിന് ആവശ്യപ്പെടുകയോ നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പദ്ധതിയുടെ പേര് | കൈപ്പറ്റിയ തുക | POC നം./ തീയതി |
|---|---|---|---|---|
| 1 | ശ്രീമതി.പുന്നത്തിരിയൻ രാധ, പുന്നത്തിരിയൻ വീട്, മാട്ടൂൽ | S023/11-12 ഭവനപുനരുദ്ധാരണം(SCP) | 7500/- ഒന്നാം ഗഡു | 116923/ 13-3-12 NMGB Mattool |
| 2 | ശ്രീമതി.താളി ഇന്ദിര, നീയർ എകെജി മന്ദിരം, മാട്ടൂൽ നോർത്ത് | S029/11-12 കിണർ നിർമാണം (ജനറൽ) | 5000/- ഒന്നാം ഗഡു | 116901/ 8-2-12 NMGB Mattool |
| 3 | ലാസർ തെക്കൻ, തെക്കൻ ഹൗസ്, മാട്ടൂൽ നോർത്ത് | ഭവനനിർമാണപദ്ധതി/ 12-13 (ജനറൽ) | 20,000/- I$^{st}$ | 134954/ 20-5-13, NMGB |

| | | | | |
|---|---|---|---|---|
| | | | 60000/- IInd<br>60,000/-IIIrd | mattool<br>ട്രാൻസ്ഫർ ക്രെഡിറ്റ്/ 2-8-13<br>ട്രാൻസ്ഫർ ക്രെഡിറ്റ്/ 18-3-14 |

പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 <u>രേഖകൾ ഹാജരാക്കിയില്ല **-1,13,429/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

പ്രൊജക്ട്-90/16 – ദീർഘകാല രോഗങ്ങളും മാറാവ്യാധികളും ബാധിച്ചവർക്ക് ഗൃഹ കേന്ദ്രീകൃത സാന്ത്വന ചികിത്സ

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, പിഎച്ച്സി

തനത് ഫണ്ടിൽ നിന്നും താഴെപ്പറയുന്ന ചെക്ക് പ്രകാരമുള്ള ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതിന് വേണ്ടി ഓഡിറ്റ് എൻക്വയറി (നം.20/15-16 തീ.15.12.2016) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അയതിനാൽ 2015-16 വർഷം ചെലവഴിച്ച 1,13,429/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ 28.03.2015-ന് നൽകിയ 63,430/- രൂപ ചെലവഴിച്ചത് 5.6.2015-നാണ്. ആയതിന്റെ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകളും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്ത പക്ഷം ആ രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ നഷ്ടമായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---:|
| 4055982 | 24.2.16 | 75,159 |
| 28887 | 29.3.16 | 38,270 |
| 2890988 | 28.3.15(*) | 63,430 |

(*) 2014-15 സാമ്പത്തിക വർഷം നല്കിയ ചെക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ക്യാഷ് ചെയ്തത് 6/2015-നാണ്.

## 3-13 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്ട് നം : S0070/16

പ്രൊജക്ടിന്റെ പേര് : പ്രത്യേക കന്നുകുട്ടി പരിപാലനം

നിർവഹണം : വെറ്ററിനറി സർജൻ

അടങ്കൽ : 7,500/- (വികസന ഫണ്ട്)

1,80,000/- (ധ.ക.ഗ്രാന്റ്)

1,87,500/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)

3,75,000/- (ഗുണഭോക്തൃ വിഹിതം)

ആകെ : 7,50,000/-

ബിൽ നം. : P-2/15-16/11-12-2015, 1,80,000/-

P-3/15-16/30-11-2015, 7,500/-

ആകെ : 1,87,500

പഞ്ചായത്തിലെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് മൂന്ന് മുതൽ ആറു മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് ആദ്യ പ്രസവം വരെ അല്ലെങ്കിൽ 32 മാസം വരെ 50% സബ്സിഡി നിരക്കിൽ തീറ്റ നൽകുന്നതിനു വേണ്ടി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം 1,87,500/- രൂപ പിൻവലിച്ച് 1,80,000/- ഡിഡിനം.933553തീയതി 11-12-2015 പ്രകാരവും,7,500/- ഡിഡി നം.933555 തീയതി 11-12-2015 പ്രകാരവും മൊത്തം 1,87,500/- രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽബി.പി. കണ്ണൂരിന് അയച്ചു കൊടുത്തിട്ടുണ്ട്. പ്രസ്തുത തുകയുടെ നാളിതു വരെയുള്ള വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. രേഖകൾ ഉടൻ തന്നെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-14 പന്ത്രണ്ടാം വാർഡിൽ അംഗനവാടി നിർമ്മാണം - കാലതാമസത്തിന് പിഴ ഈടാക്കിയില്ല- നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം. : 95/14,143/15,130/16

അടങ്കൽ : 8,30,000/- (6,30,000/- വികസന ഫണ്ട്, 2,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ് : 1,24,236/- (ബിൽ നം.2/10.07.14)

5,05,764/- (ബിൽ നം. 31/31.03.16)

1,43,214/- (ചെക്ക് നം. 28897/31.03.16)

ആകെ : 7,73,214/- രൂപ

പന്ത്രണ്ടാം വാർഡിൽ അംഗൻവാടി നിർമ്മാണത്തിനായി 10.12.13-ന് എഗ്രിമെന്റ് വച്ച് ആറു മാസം പൂർത്തീകരണ കാലാവധി നിശ്ചയിച്ച് സ്ഥലം ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചത് 22.12.2015-ന മാത്രമാണ്. 9.06.14-ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രസ്തുത പ്രവൃത്തിയുടെ തറപണി മാത്രമാണ് പ്രസ്തുത തീയതി വരെ പൂർത്തിയാക്കിയത്. 03.06.14-ന് മൺസൂൺ തുടങ്ങിയതിനാൽ സൈറ്റിൽ വെള്ളക്കെട്ടുണ്ടെന്നും മെയ് മാസം വരെ പൂർത്തീകരണ കാലാവധി നീട്ടിത്തരണമെന്ന കരാറുകാരന്റെ അപേക്ഷയുടെയും അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ കാലാവധി 2015 മെയ് വരെ നീട്ടി നല്കിയെങ്കിലും പ്രസ്തുത കാലയളവിൽ യാതൊരു പ്രവൃത്തിയും ചെയ്യുകയുണ്ടായില്ല. പിന്നീട് പ്രവൃത്തി പുനരാരംഭിച്ചത് 2015 നവംബർ മാസത്തിൽ മാത്രമാണ്. ആറുമാസം പൂർത്തീകരണ കാലാവധി നിശ്ചയിച്ച പ്രവൃത്തി വിവിധ കാരണങ്ങൾ പറഞ്ഞ് രണ്ടു വർഷത്തോളം പിഴയില്ലാതെ കാലാവധി നീട്ടി നല്കിയത് പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

തലച്ചുമടായി സാധനങ്ങൾ എത്തിക്കേണ്ടി വന്നു എന്നതാണ് രണ്ടാമതായി കാലാവധി ദീർഘിപ്പിച്ച് നല്കിയപ്പോൾ രേഖപ്പെടുത്തിയ കാരണം. സൈറ്റ് കണ്ടീഷനും പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധിയും വിലയിരുത്തിയ ശേഷം വേണമായിരുന്നു എഗ്രിമെന്റ് വെക്കേണ്ടിയിരുന്നത് എന്നതിനാലും ആദ്യം നിശ്ചയിച്ച സമയത്ത് സ്ഥലത്തിനു സമീപമുള്ള തോടിൽ മണ്ണിട്ട് വഴി ഒരുക്കിയിരുന്നത് പൂർണ്ണമായും ഉപയോഗപ്പെടുത്തി സമയപരിധിക്കകം പ്രവൃത്തി ചെയ്യാതിരുന്നതിനാലാണ് മറ്റു പ്രശ്നങ്ങൾ ഉടലെടുത്തത് എന്നതിനാലും ദീർഘീകരണത്തിന് രേഖപ്പെടുത്തിയ കാരണങ്ങൾ നിലനില്ക്കുന്നതല്ല.

ഓഡിറ്റ് എൻക്വയറി നം. 13/15-16 തീയതി 13.12.16-ന് നല്കിയ മറുപടിയിൽ സാധനങ്ങൾ സൈറ്റിൽ എത്തിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കാരണം കരാറുകാരൻ പ്രവൃത്തി ഉപേക്ഷിക്കുന്ന സാഹചര്യം സംജാതമായപ്പോൾ ഭരണ സമിതി ഇടപെട്ട് പിഴ ഒഴിവാക്കി നല്കിക്കൊണ്ട് ടിയാന് ദീർഘീകരണം അനുവദിക്കുകയും നിർബന്ധിച്ച് പണി പൂർത്തീകരിക്കുകയുമാണ് ഉണ്ടായതെന്നും തലച്ചുമട് ചാർജ്ജ് അനുവദിക്കാത്തതിനാൽ പ്രവൃത്തിയിൽ നഷ്ടം ഉണ്ടായിട്ടില്ലെന്നുമാണ് മറുപടി നല്കിയത്.

സൈറ്റ് കണ്ടീഷൻ പരിശോധിച്ചു വേണം സ്ഥലം ഏറ്റെടുക്കേണ്ടതും എഗ്രിമെന്റ് വെക്കേണ്ടതും എന്നതിനാൽ കാരണങ്ങൾ നിലനില്ക്കുന്നതല്ല.

കരാറുകാരനിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവു വെക്കേണ്ടതാണ്.

## 3-15 ഫില്ലിംഗിന് ഗ്രാനുലാർ സബ് ബേസ് ഉപയോഗപ്പെടുത്തിയത് ക്രമപ്രകാരമല്ല - ഗ്രാമപഞ്ചായത്തിന് നഷ്ടം വരുത്തി വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമപഞ്ചായത്ത് പരിധിയിൽ നടത്തിയ മിക്ക റോഡ് നിർമ്മാണ പ്രവൃത്തികളിലും റോഡ്

ഫില്ലിംഗിന് ഗ്രാനുലാർ സബ് ബേസ് പ്രവൃത്തിയാണ് ഉപയോഗപ്പെടുത്തിയത് . ഫില്ലിംഗിന് താരതമ്യേന കുറഞ്ഞ നിരക്കുള്ള earth filling പോലുള്ള ഇനങ്ങൾ ഉൾപ്പെടുത്താതെ ജി എസ് ബി ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രേഡഡ് മെറ്റൽ ഉപയോഗിപ്പെടുത്തിയുള്ള ജി എസ് ബി ക്ക് മുകളിലായി രണ്ടു ലെയർ മെറ്റലിംഗ് നടത്തിയതിന്റെ സാങ്കേതികാടിസ്ഥാനവും വ്യക്തമാക്കേണ്ടതാണ്

## 3-16 ഗുണഭോക്തൃസമിതികൾ വഴിയുള്ള പ്രവൃത്തികൾ - മൂല്യവർധിത നികുതി ഒടുക്കിയതിൽ കുറവുവന്നത് -സംസ്ഥാന സർക്കാരിന് 46,675/- രൂപയുടെ നഷ്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പത്തു ലക്ഷത്തിൽ താഴെ അടങ്കലുള്ള ഗുണഭോക്തൃസമിതികൾ വഴിയുള്ള പ്രവൃത്തികളിൽ മൂല്യവർധിത നികുതി അഞ്ചു ശതമാനം നിരക്കിലാണ് ഒടുക്കു വരുത്തേണ്ടതെങ്കിലും നാലു ശതമാനം നിരക്കിലാണ് ഒടുക്കിയിട്ടുള്ളത്. കുറഞ്ഞ നിരക്കിൽ മൂല്യവർധിത നികുതി ഒടുക്കിയതിനാൽ സംസ്ഥാന സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | ആകെ പ്രവൃത്തി മൂല്യം | ഒടുക്കേണ്ട മൂല്യവർധിത നികുതി (5%നിരക്കിൽ) | ഒടുക്കിയ നികുതി (4%നിരക്കിൽ) | കുറവു വന്നത് |
|---|---|---|---|---|---|
| 1 | ബിസ്മില്ലാ ഹോട്ടൽ, ഹോമിയോ ഹോസ്പിറ്റൽ റോഡ്, (134/16) | 304432 | 15222 | 12177 | 3045 |
| 2 | വളപട്ടണം ചാൽ ബീച്ച് റോഡിൽ കൾവർട്ട് നിർമ്മാണം (63/16) (41/15-16) | 285053 | 14253 | 11402 | 2851 |
| 3 | പി ഡബ്ല്യു ഡി റോഡ്, ആലക്കൽ തോട് റോഡ് ടാറിംഗ് 137/16(5/15-16) | 235167 | 11758 | 9407 | 2351 |

| | | | | | |
|---|---|---|---|---|---|
| 4 | ഹായത്ത് മദ്രസ പിഡബ്ല്യുഡി റോഡ് ടാറിംഗ് 138/16 | 312968 | 15648 | 12519 | 3129 |
| 5 | ഇട്ടോൽ ചാൽ റോഡ് ടാറിംഗ്<br>30/16 (40/15-16) | 387597 | 19380 | 15504 | 3876 |
| 6 | ജിഎംഎൽപിഎസ്, മഞ്ഞത്തോട് റോഡ്, ടാറിംഗ് 135/16 (39/15-16) | 370624 | 18531 | 14825 | 3706 |
| 7 | ഗ്രാന്റ് കപ്പാലം റോഡ് ടാറിംഗും ക്രോസ് ഡ്രെയിൻ നിർമ്മാണവും<br>136/16 (2/15-16) | 411410 | 20571 | 16456 | 4115 |
| 8 | ആറു തെങ്ങ് കടവ് സിഎംഎൽപിഎസ് റോഡ് ടാറിംഗും റൈസിംഗും<br>133/16 (3/15-16) | 446271 | 22314 | 17851 | 4463 |
| 9 | ഡിസ്ക്കോ ബീച്ച് റോഡ് ടാറിംഗ് 37/16 | 424791 | 21240 | 16992 | 4248 |
| 10 | കോൽക്കാരൻ ചാൽ റോഡ് ടാറിംഗ്<br>22/16 | 370228 | 18511 | 14809 | 3702 |
| 11 | യാസീൻ ബീച്ച് റോഡ് അറ്റകുറ്റപ്പണി<br>159/16 (43/15-16) | 467548 | 18702 | 23377 | 4675 |

| | | | | | |
|---|---|---|---|---|---|
| 12 | എ സി കോളനി ബീച്ച് റോഡ് അറ്റകുറ്റപ്പണി<br>158/16 (46/15-16) | 467542 | 18702 | 23377 | 4675 |
| 13 | എസ് സി ക്രമറ്റോറിയം റോഡിൽ കൾവർട്ട് നിർമ്മാണം<br>82/16(23/15-16) | 183831 | 9192 | 7353 | 1839 |
| | ആകെ | | | | 46675 |

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പിലാക്കിയ മുഴവൻ ഗുണഭോക്തൃസമിതികൾ വഴിയുള്ള പ്രവൃത്തികളുടെയും മൂല്യവർധിത നികുതികൾ ഒടുക്കിയതിൽ കുറവു വന്ന തുക ബന്ധപ്പെട്ട കണക്കിനത്തിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 3-17 പദ്ധതിച്ചെലവുകൾക്ക് തനത് ഫണ്ട് വകയിരുത്തിയത് - റവന്യൂ മിച്ചം കണക്കാക്കാത്തതും മറ്റ് അപാകങ്ങളും

റവന്യൂ മിച്ചം കണക്കാക്കിയതിനു ശേഷം വേണം തനത്ഫണ്ടുപയോഗിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതെന്നിരിക്കെ വളരെ ശുഷ്കമായ തനത് വരുമാനം മാത്രമുള്ള ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം 9304860/- രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി നീക്കി വയ്ക്കുകയും 5329371/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂമിച്ചം കണ്ടെത്തിയ ശേഷമേ പദ്ധതി പ്രവർത്തനങ്ങൾക്കായി തനത് ഫണ്ട് വകയിരുത്താവൂ എന്ന മാർഗ്ഗനിർദ്ദേശം നിലവിലിരിക്കെ അപ്രകാരം മിച്ചം കണ്ടെത്താതെയാണ് തനത് ഫണ്ട് പദ്ധതി പ്രവർത്തനങ്ങൾക്ക് വക കൊള്ളിച്ചത്. റവന്യൂമിച്ചം കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ആവശ്യപ്പെട്ടിട്ടും അവ ഹാജരാക്കിയിട്ടില്ല.

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നല്കുന്നതിനായി 162000/- രൂപ തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. എല്ലാ മാസങ്ങളിലും ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നല്കിയിട്ടുണ്ടെങ്കിലും സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല എന്നതും അപാകമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 19800 | നെൽക്കൃഷി വികസനം | 19800 | 0 |
| | 75000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75000 | 0 |
| | 200000 | അംഗൻവാടി കെട്ടിട നിർമ്മാണം (2012-ൽ ലഭിച്ചത്) | 143214 | 56786 |
| ജില്ലാ പഞ്ചായത്ത് | 300000 | ബഡ്സ് സ്കൂൾ ചെലവുകൾ | 300000 | 0 |

പഞ്ചായത്ത് ലഭ്യമാക്കിയ മേൽ വിവരങ്ങൾ ബി4 പത്രികയുമായി ഒത്തു പോകുന്നില്ല. ആയതിന് വ്യക്തത വരുത്തേണ്ടതാണ്. നീക്കിബാക്കിയുള്ള തുകകൾ ഉടൻ വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി ചെയ്യുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | നമ്പർ/പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ തീയതി | തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കെഎസ്ഇബി | പത്താൻതോട് മൂസാ ഹാജിത്തോട് റോഡിൽ സ്ട്രീറ്റ് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ – 65/16 | 617/15-16 28.11.16 | 99520 | 99520 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

----------ഇല്ല------------

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് 1,80,000/- രൂപ വായ്പയെടുത്തിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ ഭവനനിർമ്മാണം | സ.ഉ.(സാധാ) 453/2010/ തസ്വഭവ തീയതി 04.03.2010 11013025/-രൂപ വായ്പയെടുക്കാൻ | ഇല്ല | 1040000 | 500000 | -- | 540000 |
| ഇഎംഎസ് ഭവന നിർമ്മാണ പദ്ധതി പ്രത്യേക വായ്പ | നം.75894/DB1/ തസ്വഭവ തീയതി 15.03.2013 5400000/- രൂപ വായ്പയെടുക്കാൻ (11% പലിശ നിരക്കിൽ) | 180000 | 4540000 | 600000 | 243567 | 4120000 |
| | | | | | | 46,60,000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്, ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 18 (2 ഡി ക്ലാസ് ഷെയറുകൾ) തീയതി 20.06.15 | 10000/- (ഇതിൽ 2000/- രൂപയുടെ ഷെയർ നിലവിലുണ്ടായിരുന്നതും 8000/- രൂപ ഓഡിറ്റ് വർഷം അധികമായി നിക്ഷേപിച്ചതുമാണ്) |

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|---|
| | 2012-13,13-14 | 2-3 | 300 | പി.വി. ബാലകൃഷ്ണൻ, സെക്രട്ടറി | 103529/ 09.02.16 103397/ 01.02.16 |
| ആകെ | | | 300 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 8 | 2003-04 | 3-13-ൽ 16-ന് ശേഷമുള്ള മറ്റ് പരാമർശങ്ങൾ | വീട് റിപ്പയർ (ജനറൽ) കൺവീനർമാർക്ക് തുക കൈമാറിയത് | തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 28841775 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 39376671 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 14192 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1318429 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 12942 | ശ്രീ. പി. വി. ബാലകൃഷ്ണൻ, സെക്രട്ടറി |
| 3-10 | 1250 | ശ്രീ.സി.പി. പ്രകാശൻ ഹെഡ് മാസ്റ്റർ |
| ആകെ | 14192 | |

ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 600000 | ശ്രീ. പി. വി. ബാലകൃഷ്ണൻ, സെക്രട്ടറി |

| | | |
|---|---|---|
| 3-7 | 100000 | ശ്രീ. സി. പി. പ്രകാശൻ,<br>ഹെഡ് മാസ്റ്റർ |
| 3-8 | 400000 | „ |
| 3-9 | 105000 | „ |
| 3-12 | 113429 | ഡോ. അനിൽകുമാർ,<br>മെഡിക്കൽ ഓഫീസർ, പിഎച്ച് സി |
| | 1318429 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-16, 46,675/- രൂപ, അസിസ്റ്റന്റ് എഞ്ചിനീയർ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2, 2-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.വി.ബാലകൃഷ്ണൻ,<br>സെക്രട്ടറി | വിരമിച്ചു | പുത്തൻവീട്, കരിമ്പം<br>സർസെയിദ് കോളേജിന് സമീപം |
| ശ്രീ.സി.പി.പ്രകാശൻ<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ<br>ജി യു പി എസ്<br>തെക്കുമ്പാട് | പ്രണവം, ഇരിണാവ്,<br>ചെറുകുന്ന് |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2002-03 | എൽഎഫ്/കെഎൻആർ/സി7/794/15(1) തീയതി 11.08.15 | 2 |
| 2003-04 | എൽഎഫ്/കെഎൻആർ/സി7/794/15(2) തീയതി 11.08.15 | 9 |
| 2004-05 | എൽഎഫ്/കെഎൻആർ/സി7/794/15(3) തീയതി 11.08.15 | 5 |
| 2005-06 | എൽഎഫ്/കെഎൻആർ/സി7/794/15(4) തീയതി 11.08.15 | 5 |
| 2006-07 | എൽഎഫ്/കെഎൻആർ/സി7/794/15(5) തീയതി 11.08.15 | 6 |
| 2007-08 | എൽഎഫ്/കെഎൻആർ/സി7/794/15(6) തീയതി 11.08.15 | 16 |
| 2008-09 | എൽഎഫ്/കെഎൻആർ/സി7/794/15(7) തീയതി 11.08.15 | 10 |
| 2009-10 | എൽഎഫ്/കെഎൻആർ/സി7/794/15(8) തീയതി 11.08.15 | 9 |
| 2010-11,2011-12 | എൽഎഫ്/കെഎൻആർ/സി7/794/15(9) തീയതി 11.08.15 | 2,3 ഭാഗങ്ങളിലെ തടസങ്ങൾ തുടരുന്നു |
| 2012-13,2013-14 | എൽഎഫ്/കെഎൻആർ/സി7/156/16 തീയതി 27.02.16 | ,, |
| 2014-15 | എൽഎഫ്/കെഎൻആർ/സി7/1450/16 തീയതി 09.08.16 | ,, |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure-1

# Audit Certificate

No KSA/KNR/C2/2169/2016

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE

KANNUR

PHONE 0497-2707698

E-mail: lfaddistofficeknr

Dated 05.01.2017.

Certified that I have audited the Annual Financial Statement of Mattool Grama Panchayath in Kannur District for the year ended 31.03.16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion , the Financial Statements of Mattool Grama Panchayath for the year 2015-16 except the observations in my report properly present the picture of income and expenditure(details given in para 1-4)

Deputy Director ,

Kerala State Audit Department

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെഎസ്എ/കെഎൻആർസി.2/2169/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ 04972707698

ഇ – മെയിൽ lfaddistofficeknr@gmail.com

തീയതി :05.01.2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക എന്റെ റിപ്പോർട്ടിൽ പരാമർശിച്ച ന്യൂനതകൾ ഒഴികെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്